**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1190** **07-12-2022 - ൽ മറുപടിയ്ക്ക്**

**ജല ജീവൻ മിഷൻ മുഖേനയുള്ള കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തവനൂർ മണ്ഡലത്തിലെ പുറത്തൂർ, മംഗലം, തൃപ്രങ്ങോട് പഞ്ചായത്തുകൾകളിൽ ജല ജീവൻ മിഷൻ മുഖേനയുള്ള കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ; പ്രസ്തുത പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | തവനൂർ മണ്ഡലത്തിലെ തൃപ്രങ്ങോട്, മംഗലം, പുറത്തൂർ പഞ്ചായത്തുകളിൽ ജല ജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.<br><br>പ്രസ്തുത പഞ്ചായത്തുകൾക്കായുള്ള റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പ്രവൃത്തി അവാർഡ് ചെയ്ത് പൈപ്പ് സപ്ലൈ ചെയ്തിട്ടുണ്ട്. ടി പഞ്ചായത്തുകൾക്കുള്ള വിതരണ ശൃംഖലയും ഗാർഹിക കണക്ഷനും ഉൾപ്പെടുന്ന ടെണ്ടറുകൾ അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജലശുദ്ധീകരണ ശാലയും ജലസംഭരണികളും പമ്പ് സെറ്റുകളും ഉൾപ്പെടുന്ന പ്രവൃത്തികൾക്കുള്ള സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>തൃപ്പങ്ങോട് ഹൈ ലെവൽ സോണിലേക്ക് 8 ലക്ഷം ലിറ്റർ ടാങ്ക് നിർമിക്കുന്നതിനായി തൃപ്പങ്ങോട് പഞ്ചായത്തിലെ ബീരാഞ്ചിറ ഭാഗത്ത് 8 സെൻറ് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമാക്കുന്നതോടു കൂടി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**തവനൂർ മണ്ഡലത്തിലെ തൃപ്രങ്ങോട്, മംഗലം, പുറത്തൂർ പഞ്ചായത്തുകളിൽ ജല ജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി**

| ക്രമ നമ്പർ | പഞ്ചായത്ത് | ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇത് വരെ നൽകിയ കണക്ഷനുകളുടെ എണ്ണം |
|---|---|---|---|---|
| 1 | പുറത്തൂർ | 7748 | 7480.93 | 0 |
| 2 | മംഗലം | 4640 | 4414.86 | 50 |
| 3 | തൃപ്രങ്ങോട് | 10824 | 10450.90 | 0 |
| **ആകെ** | | **23212** | **22346.69** | **50** |